**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2431** **15-10-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിലെ കരാർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. വകുപ്പിൽ സീനിയർ ഡാറ്റ അനലിസ്റ്റ്, ഡാറ്റ അനലിസ്റ്റ് ഉടങ്ങിയ തസ്തികകളിൽ കരാർ നിയമനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ നിയമനങ്ങളിലൂടെ നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദാംശം നല്കാമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയെ തുടർന്ന് 15.07.2024-ലെ സ.ഉ(കൈ)നം.42/2024/നികുതി ഉത്തരവ് പ്രകാരം വകുപ്പിലെ ടാക്സ് റിസർച്ച് & പോളിസി സെൽ വിഭാഗത്തിൽ സീനിയർ ഡാറ്റാ അനലിസ്റ്റ്/സീനിയർ സയന്റിസ്റ്റ് (3തസ്തികകൾ), ഡാറ്റ അനലിസ്റ്റ്/ സയന്റിസ്റ്റ് (3തസ്തികകൾ) എന്നിവയിലും ഇന്റലിജൻസ് ഹെഡ്ക്വാർട്ടേഴ്സ് വിഭാഗത്തിൽ സീനിയർ ഇൻവെസ്റ്റിഗേറ്റർ (3തസ്തികകൾ) തസ്തികയിലും നിയമനം നടത്തുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സീനിയർ ഡാറ്റാ അനലിസ്റ്റ്/സീനിയർ സയന്റിസ്റ്റ്, ഡാറ്റാ അനലിസ്റ്റ്/ സയന്റിസ്റ്റ് തസ്തികകളിൽ, വിരമിച്ച ഉദ്യോഗസ്ഥർ/ സ്വകാര്യ ഉദ്യോഗസ്ഥർ എന്നിവരെ ഹ്രസ്വകാല കരാർ അടിസ്ഥാനത്തിൽ, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എന്നീ മാർഗ്ഗങ്ങളിലൂടെയും സീനിയർ ഇൻവെസ്റ്റിഗേറ്റർ തസ്തികയിൽ യോഗ്യരായ വിരമിച്ച ഉദ്യോഗസ്ഥരെ ഹ്രസ്വകാല കരാർ അടിസ്ഥാനത്തിൽ, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എന്നീ മാർഗ്ഗങ്ങളിലൂടെയും നിയമനം നടത്തണമെന്നാണ് ഉത്തരവായിട്ടുള്ളത്.<br><br>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായാണ് ഇന്റലിജൻസ് ഹെഡ്ക്വാർട്ടേഴ്സ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട സീനിയർ ഇൻവെസ്റ്റിഗേറ്റർ (3 തസ്തികകൾ) തസ്തികയിൽ ഹ്രസ്വകാല കരാർ അടിസ്ഥാനത്തിൽ യോഗ്യരായ വിരമിച്ച ഉദ്യോഗസ്ഥരെയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരെയോ |

| | | | |
|---|---|---|---|
| | | | നിയമിക്കണമെന്ന് ഉത്തരവായിട്ടുള്ളത്. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഇതിലൂടെ നികതിച്ചോർച്ച തടയുന്നതിനും നികുതിപിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രസ്തുത തസ്തികകൾക്ക് അനുമതി നൽകിയിട്ടുള്ളത്. |
| (ബി) | ഇത്തരം നിയമനങ്ങൾ സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയെ തുടർന്ന് 15.07.2024-ലെ സ.ഉ(കൈ)നം.42/2024/നികുതി ഉത്തരവ് പ്രകാരം വകുപ്പിലെ ടാക്സ് റിസർച്ച് & പോളിസി സെൽ വിഭാഗത്തിൽ സീനിയർ ഡാറ്റാ അനലിസ്റ്റ്/സീനിയർ സയന്റിസ്റ്റ് (3തസ്തികകൾ), ഡാറ്റ അനലിസ്റ്റ്/ സയന്റിസ്റ്റ് (3തസ്തികകൾ) എന്നിവയിലും ഇന്റലിജൻസ് ഹെഡ്ക്വാർട്ടേഴ്സ് വിഭാഗത്തിൽ സീനിയർ ഇൻവെസ്റ്റിഗേറ്റർ (3തസ്തികകൾ) തസ്തികയിലും നിയമനം നടത്തുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സീനിയർ ഡാറ്റാ അനലിസ്റ്റ്/സീനിയർ സയന്റിസ്റ്റ്, ഡാറ്റാ അനലിസ്റ്റ്/ സയന്റിസ്റ്റ് തസ്തികകളിൽ, വിരമിച്ച ഉദ്യോഗസ്ഥർ/ സ്വകാര്യ ഉദ്യോഗസ്ഥർ എന്നിവരെ ഹ്രസ്വകാല കരാർ അടിസ്ഥാനത്തിൽ, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എന്നീ മാർഗ്ഗങ്ങളിലൂടെയും സീനിയർ ഇൻവെസ്റ്റിഗേറ്റർ തസ്തികയിൽ യോഗ്യരായ വിരമിച്ച ഉദ്യോഗസ്ഥരെ ഹ്രസ്വകാല കരാർ അടിസ്ഥാനത്തിൽ, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എന്നീ മാർഗ്ഗങ്ങളിലൂടെയും നിയമനം നടത്തണമെന്നാണ് ഉത്തരവായിട്ടുള്ളത്.<br><br>സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായാണ് ഇന്റലിജൻസ് ഹെഡ്ക്വാർട്ടേഴ്സ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട സീനിയർ ഇൻവെസ്റ്റിഗേറ്റർ (3 തസ്തികകൾ) തസ്തികയിൽ ഹ്രസ്വകാല കരാർ അടിസ്ഥാനത്തിൽ യോഗ്യരായ വിരമിച്ച ഉദ്യോഗസ്ഥരെയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരെയോ നിയമിക്കണമെന്ന് ഉത്തരവായിട്ടുള്ളത്. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഇതിലൂടെ നികതിച്ചോർച്ച തടയുന്നതിനും നികുതിപിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രസ്തുത തസ്തികകൾക്ക് അനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ